Kerala Board

Second Term

Question Paper

aglasem.com

A

902

സമഗ്ര ശിക്ഷാ, കേരളം
അർധവാർഷിക മൂല്യനിർണയം 2023-24

ക്ലാസ് : 9

മലയാളം
കേരളപാഠാവലി

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

നിർദേശങ്ങൾ

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.

(4 x 1 = 4)

1. "മുത്താപ്പ അകത്തേക്കു വന്നപ്പോൾ ഇലയനക്കമില്ല."
'ഇലയനക്കമില്ല' എന്ന പ്രയോഗം നൽകുന്ന അർഥസൂചന?

   - വെപ്രാളം
   - നിസ്സഹായത
   - നിശ്ശബ്ദത
   - സന്തോഷം

2. "തങ്ങൾതന്നുള്ളറയിങ്കലൊറ്റയ്ക്കിരു-
ന്നപ്പോഴും കേഴുകയാണവരെങ്കിലും."

   'കേഴുക' എന്ന പദത്തിന്റെ അർഥം?

   - ചിരിക്കുക
   - കരയുക
   - പരിഹസിക്കുക
   - കളിക്കുക

3. "മനസ്സു തുറന്നു പ്രാർഥിക്കാൻ എന്റെ മിഥ്യാബോധം സമ്മതിച്ചിരുന്നില്ല." മിഥ്യാബോധം എന്ന പദത്തിന്റെ വിഗ്രഹരൂപം?

   - മിഥ്യയും ബോധവും
   - മിഥ്യയുടെ ബോധം
   - മിഥ്യയിലെ ബോധം
   - മിഥ്യയായ ബോധം

4. ശരിയായ പദക്കൂട്ടം

   - ചിരിക്കുടുക്ക - ചിരി, കുടുക്ക
   - ഉയരത്തിലാണ് - ഉയരത്തിൽ, ലാണ്
   - വെട്ടിത്തിളങ്ങി - വെട്ടി, ത്തിളങ്ങി
   - അതിന്റെയെല്ലാം - അതിന്റെ, യെല്ലാം

(മറുപുറം)

5. "സ്നേഹത്തിന്റെ നടുവിൽ ഇരിക്കുന്നതുപോലെയുള്ള ഒരു സ്വസ്ഥതയും സന്തോഷവും മനസ്സിലുണ്ടായി." ഈ അവസ്ഥയിലേക്ക് ലേഖകൻ എത്തിയത്?

- സഹായികളെ ഒഴിവാക്കിയപ്പോൾ
- മോതിരം ലഭിച്ചപ്പോൾ
- സഹായികളുമായുള്ള ബന്ധം ദൃഢമാക്കിയപ്പോൾ
- സഹായികൾക്ക് പണം നൽകിയപ്പോൾ

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. **(2 x 2 = 4)**

6. "വല്ലികാനടികൾ നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ;"

(സൗന്ദര്യലഹരി)

കാവ്യപരമായ രണ്ട് സവിശേഷതകൾ കുറിക്കുക.

7. "മനസ്സിൽ ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ ഇരുണ്ടതായി തോന്നുന്നു.
മനസ്സിൽ വെളിച്ചമാണെങ്കിൽ
എല്ലായിടത്തും വെളിച്ചമുള്ളതായി തോന്നുന്നു."

വരികളിൽ തെളിയുന്ന രണ്ട് അർഥസൂചനകൾ കുറിക്കുക.

8. **അർഥവ്യത്യാസം വരാതെ രണ്ടു വാക്യമാക്കുക.**
" അവരോട് അന്നമ്മ കാണിച്ച ഹൃദയബന്ധം അത്രയ്ക്കും ആഴമുള്ളതായതുകൊണ്ട് ഇനി എന്റെ കൂടി ആവശ്യമില്ല എന്നെനിക്കു തോന്നിക്കാണണം."

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. **(5 x 4 = 20)**

9. - "ചുവന്നമുഖത്ത് ചുണ്ടുകൾ അയഞ്ഞുകിടക്കുന്നതുകാണാൻ രസമായിരുന്നു. വെള്ളാരങ്കല്ലു പോലെയുള്ള കണ്ണു നിറയെ വെള്ളം. ചുവന്ന കവിളിൽ കണ്ണീർത്തുള്ളികൾ."
   - "കുണ്ടിലാണ്ടുപോയ വെള്ളാരങ്കണ്ണുകൾ. കട്ടപിടിച്ച മൂടി. വളർന്ന താടിമീശ."

(കളിപ്പാവകൾ)

മൊയമ്മതാലിക്കാക്കയുടെ ജീവിതത്തിൽ വന്ന മാറ്റമാണോ ഈ സന്ദർഭങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്? സ്വാഭിപ്രായം കുറിക്കുക.

10. "കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കൂടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ."

(കാളകൾ)

വണ്ടിക്കാരന്റെ ജീവിതദൈന്യം വരികളിൽ ആവിഷ്കരിക്കുന്നതെങ്ങനെ? നിഗമനങ്ങൾ കുറിക്കുക.

11. • "ആ കുട്ടിയുടെ മുഖത്ത് എന്തൊരു തെളിച്ചം!"
• "വിശ്വസിക്കാനാവാതെ പതുക്കെ തടവിനോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുകമുണർത്തുന്ന നാദം! പെട്ടെന്നു മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം!"

(കുപ്പിവളകൾ)

കണ്ണമ്മയുടെ മാനസികഭാവം വരികളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? വിശദമാക്കുക.

12. "കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?"

(വിശ്വം ദീപമയം)

വരികൾ വിശകലനം ചെയ്ത് ആശയഭംഗി കണ്ടെത്തുക

13. • "ഈ വീടും സഹായികളും തമാശകളുടെ വൈകുന്നേരങ്ങളുമൊക്കെയായി ഒരു ലോകം നിർമ്മിക്കപ്പെടുന്നത് അങ്ങനെ സന്തോഷത്തോടെ ഞാൻ തിരിച്ചറിഞ്ഞു."

(ജീവിതം ഒരു പ്രാർഥന)

അന്നമ്മയുടെ മരണത്തിനു ശേഷം ലേഖകന്റെ മനോഭാവത്തിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോ? പാഠഭാഗത്തെ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കുറിപ്പ് തയ്യാറാക്കുക.

14. • "ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!"

(കാളകൾ)

• "പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ."

(പടയാളികൾ)

കഠിനാധ്വാനം ചെയ്ത് ജീവിക്കുന്നവരുടെ ചിത്രമാണ് കവിതാഭാഗങ്ങളിൽ തെളിയുന്നത്. താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. **(2 x 6 = 12)**

15. • "ഒരു സിറിഞ്ച് വച്ചു വലിച്ചെടുത്തതുപോലെ അവൾ ഉണങ്ങിയിരുന്നു. വസ്ത്രങ്ങൾ പോലും ഓജസ്സറ്റിരിക്കുന്നു."

• "അവർ അയാളെത്തന്നെ നോക്കി നിന്നു; തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം."

(സാക്ഷി)

സൂചനകളും, കഥയും പരിഗണിച്ച് ഉമ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. • "ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്."

• "ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു."

(ആർഭാടത്തിൽനിന്നു ലാളിത്യത്തിലേക്ക്)

ആർഭാടപൂർണമായ ജീവിതമല്ല മഹത്വപൂർണമായ പ്രവൃത്തികളാണ് വ്യക്തിയെ ഉന്നതനാക്കുന്നത്.

സന്ദർഭങ്ങളും പ്രസ്താവനയും വിലയിരുത്തി 'ലളിത ജീവിതം സുന്ദര ജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

അച്ഛൻ

അച്ഛനിന്നേറെ, മെലിഞ്ഞിട്ടല്ലോ
മക്കളെ, നിങ്ങളെയൂട്ടുന്നു.
അച്ഛനിന്നേറെ മുഷിഞ്ഞിട്ടല്ലോ
നിങ്ങളിൽ ഭംഗികളേറ്റുന്നു.
അച്ഛനിന്നേറെ,യിരുണ്ടിട്ടല്ലോ
നിങ്ങളിൽ ദീപം കൊളുത്തുന്നു.
അച്ഛനിന്നേറെ, മുടന്തീട്ടല്ലോ
നിങ്ങളിൽ പാത പിറക്കുന്നു.
അച്ഛനിന്നേറെ, കരിഞ്ഞിട്ടല്ലോ
നിങ്ങളിൽ പച്ച തഴയ്ക്കുന്നു.
അച്ഛനിന്നേറെ, കരഞ്ഞിട്ടല്ലോ
നിങ്ങളിൽ പുഞ്ചിരി തത്തുന്നു.

(പവിത്രൻ തിക്കുനി)

QUESTION PAPERS

GET PREVIOUS YEAR QUESTION PAPERS FOR ALL CLASSES FOR CBSE, ISCSE, ISC AND ALL ALL STATE BOARDS HERE AT AGLASEM.COM

BOARD WISE

- Andhra Pradesh Board Question Papers
- Assam Board Question Papers
- Bihar Board Question Papers
- Chhattisgarh Board Question Papers
- Goa Board Question Papers
- Gujarat Board Question Papers
- Haryana Board Question Papers
- Himachal Pradesh Board Question Papers
- J&K State Board Question Papers
- Jharkhand Board Question Papers
- Karnataka Board Question Papers
- Kerala Board Question Papers
- Madhya Pradesh Board Question Papers
- Maharashtra State Board Question Papers
- Manipur Board Question Papers
- Meghalaya Board Question Papers
- Mizoram Board Question Papers
- Nagaland Board Question Papers
- Orissa Board Question Papers
- Punjab Board Question Papers
- Rajasthan Board Question Papers
- Tamil Nadu Board Question Papers
- Telangana State Board Question Papers
- Tripura Board Question Papers
- Uttarakhand Board Question Papers
- Uttar Pradesh (UP) Board Question Papers
- West Bengal (WB) Board Question Papers